FRIDAY 19.07.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/07/2024

1. കേരള കാർഷിക സർവകലാശാലയുടെ കരമന നെടുങ്കാട് സ്ഥിതിചെയ്യുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ (ഐ.എഫ്.എസ്.ആർ.എസ്.) നിറപുത്തരി കൊയ്ത്തുത്സവാഘോഷത്തിനുള്ള നെൽക്കതിർ (ചതുരശ്രമീറ്ററിന് 100 രൂപ നിരക്കിൽ), കതിർക്കെട്ടുകൾ (അയർ) വലുപ്പം അനുസരിച്ച് 250 മുതൽ 2000 രൂപ വരെ വില്പനയ്ക്ക് ജൂലൈ മാസം അവസാന വാരം മുതൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471- 2343586 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കാർഷിക സർവകലാശാലയുടെ കീഴിലുള്ള തവനൂർ കാർഷിക എൻജിനീയറിങ് കോളേജിലെ സുരക്ഷാ ജോലികൾ (സെക്യൂരിറ്റി ഗാർഡ് )ഒരു വർഷക്കാലം ഏറ്റെടുത്ത് നിർവഹിക്കുന്നതിന് യോഗ്യതയുള്ള ഏജൻസികളിൽ നിന്നും മത്സര അടിസ്ഥാനത്തിലുള്ള ടെൻഡറുകൾ 25.07.2024 ഉച്ചയ്ക്കുശേഷം 1 മണിക്ക് മുമ്പായി ലഭിക്ക തക്കവിധം ക്ഷണിച്ചുകൊള്ളുന്നു. വിശദ വിവരങ്ങൾ അറിയുന്നതിന് www.kau.in, www.kcaet.kau.in എന്നിവ സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0494- 2686214 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. പാറശാല കൃഷിഭവനിൽ സങ്കരയിനം ടിഷ്യൂകൾച്ചർ വാഴക്കന്നുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. ഒരു വാഴക്കന്നിന് 5 രൂപയാണ് നിരക്ക്. ആവശ്യമുള്ളവർ രേഖകൾ സഹിതം പാറശാല കൃഷിഭവനിൽ നേരിട്ട് വന്ന് വാങ്ങേണ്ടതാണ്.

4. ക്ഷീരവികസനവകുപ്പ് കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും പനച്ചിക്കാട് ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഒരു പാൽ ഗുണനിയന്ത്രണ

ബോധവൽക്കരണ പരിപാടി 2024 ജൂലൈ 20 ശനിയാഴ്ച്ച രാവിലെ 10.30 മണിക്ക് പനച്ചിക്കാട് ക്ഷീര സംഘത്തിൽ വെച്ച് നടത്തപ്പെടുകയാണ്. ടി പരിപാടിയിൽ ക്ഷീരവികസന വകുപ്പ് സാങ്കേതിക വിദഗ്ധർ കർഷകർ ഉല്പാദിപ്പിക്കുന്ന പാലിൻ്റെ ഗുണമേന്മ വർധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട വില ഉല്പാദകർക്ക് ലഭിക്കുന്നതിനുള്ള ശാസ്ത്രീയ വശങ്ങളെ കുറിച്ച് ബോധവത്കരണം നൽകുന്നു.

5. കേരള വെറ്ററിനറി ആൻ്റ് അനിമൽസയൻസസ് യൂണിവേഴ്സിറ്റിയുടെ പിജി, ഡിഗ്രി, പിജി ഡിപ്ലോമ, ഡിപ്ലോമ കോഴ്സുകളിലേക്ക് 2024-25 അധ്യയന വർഷത്തിലേക്കുള്ള പ്രവേശനത്തിനായുള്ള അപേക്ഷാത്തീയ്യതി ജൂലൈ 30 വരെ നീട്ടി. വിശദവിവരങ്ങള്ക്ക് www.kvasu.ac.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്കായി 04936 209272, 209269, 209270, 9562367900, 9446994414 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. ശാസ്ത്രീയ പശു പരിപാലനത്തിൽ പരിശീലനം ബേപ്പൂർ നടുവട്ടം ക്ഷീര പരിശീലന കേന്ദ്രത്തിൽ ജൂലൈ 22 മുതൽ 26 വരെ മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ ക്ഷീരകർഷകർക്ക് ശാസ്ത്രീയ പശുപരിപാലനത്തിൽ പരിശീലനം നൽകുന്നു. താത്പര്യമുള്ളവർ ജൂലൈ 21 ന് വൈകീട്ട് അഞ്ചിന് മുമ്പായി 9645922324, 9048376405 എന്നീ ഫോൺ നമ്പറുകൾ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യണം. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്.

7. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ 2024 ജൂലായ് 23, 24 എന്നീ തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപ്പര്യമുള്ളവർ 9388834424/9446453247 ലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൈയിൽ കരുതേണ്ടതാണ്.

8. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 22.07.2024 മുതൽ 5 ദിവസത്തെ കൂൺ കൃഷി പരിശീലനം സംഘടിപ്പിക്കുന്നു. കൂൺ കൃഷി രീതികൾ, വിത്തുൽപാദനം, മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ തുടങ്ങിയ വിഷയത്തിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

9. 2024 ജൂലൈ 20 മുതൽ 31 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ **ക്ഷീരോല്പന്ന നിർമ്മാണ പരിശീലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്ന് (ജൂലൈ 19-ാം തീയതി) വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004.എന്ന വിലാസത്തിലോ, 0471-2440911 എന്ന ഫോൺ നമ്പരിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം